# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 69 | Issue No. 01 | January 2026 | Rs. 15/-


MAJOR ARCHEPARCHY OF ERNAKULAM-ANGAMALY
















തിരുപ്പട്ട സ്വീകരണം 2025 ഡിസംബർ 27

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 69 Issue No. 1 January 2026 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. കച്ചേരിക്കാര്യം

8. പാസ്റ്ററൽ കൗൺസിൽ 2026 - 2029

14. നിര്യാതരായി

17. വാർത്തകളും വിശേഷങ്ങളും

21. Dept. of Archdiocesan Public Relations

22. വിശ്വാസപരിശീലന കേന്ദ്രം

24. ഫാമിലി അപ്പോസ്റ്റലേറ്റ്

25. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

26. നൈപുണ്യ ഇന്റർനാഷണൽ

28. കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി

29. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Msgr. Mankuzhikary Mathew, Kokkamangalam | 1909 | 1934 | 2-1-2003 |
| Fr. Parakkal Scaria, Kanjoor | 1881 | 1901 | 4-1-1965 |
| Fr. Thayamkery Joseph, Edappally | 1905 | 1933 | 4-1-1986 |
| Fr. Kottackal George, Angamaly | 1930 | 1955 | 5-1-2006 |
| Fr. Pallippadan Joseph, Thirumudikunnu | 1939 | 1967 | 5-1-2020 |
| Fr. Mundadan Jose, Josepuram | 1960 | 1984 | 6-1-2020 |
| Fr. Vattoly Leon TOCD, Kadukutty | 1856 | 1883 | 7-1-1911 |
| Fr. Chakiath Scaria, Thycattussery | 1876 | 1895 | 7-1-1955 |
| Fr. Vattamkandathil George, Vadayar | 1891 | 1924 | 7-1-1967 |
| Fr. Painumkal Mathew, Kandanad | 1942 | 1967 | 8-1-2021 |
| Mar Augustine Kandathil, Chempu | 1874 | 1901 | 10-1-1956 |
| Fr. Thekkinen Joseph, Manjapra | 1928 | 1956 | 11-1-1991 |
| Fr. Narayamparambil John, Thuravoor S. | 1924 | 1950 | 11-1-1997 |
| Fr. Panikkassery John, Panavally | 1888 | 1913 | 13-1-1953 |
| Fr. Mundadan Thariaku, Angamaly | 1868 | 1894 | 16-1-1950 |
| Fr. Chirackal Isaac, Muttom | 1895 | 1922 | 17-1-1962 |
| Fr. Painadeth Kochouseph, Karukutty | 1881 | 1910 | 19-1-1947 |
| Fr. Sankoorikal Elias TOCD, Narakkal | 1851 | 1876 | 21-1-1900 |
| Fr. Thayamkery Jacob, Kumbalam | 1878 | 1913 | 21-1-1944 |
| Fr. Puthenveliyil Jacob, Pallippuram | 1914 | 1948 | 23-1-2012 |
| Fr. Panjikaren Kuriakose, Muttom | 1864 | 1895 | 24-1-1940 |
| Msgr. Chiramel Kuriakose, Kadukutty | 1906 | 1936 | 24-1-1986 |
| Fr. Vadassery Paul, Palluruthy | 1900 | 1929 | 25-1-1978 |
| Fr. Edathichira Thomas, Chalil | 1922 | 1949 | 25-1-2000 |
| Fr. Edathichira Joseph, Chalil | 1937 | 1962 | 28-1-2015 |
| Fr. Antony (Joy) Elamkuttichira | 1936 | 1966 | 29-1-2019 |
| Fr. Vazhaparambil Philip, Mevelloor | 1945 | 1975 | 29-1-2025 |
| Fr. Chiramel Varkey, Koratty (Meloor) | | | 30-1-1901 |
| Msgr. Naduvathussery Jacob, Aluva | 1883 | 1909 | 30-1-1967 |
| Fr. Kattuparambil Varghese, Kadavanthra | 1953 | 1978 | 30-1-2015 |
| Msgr. Menachery George , Puthenpally | 1894 | 1924 | 31-1-1969 |
| Fr. Menachery Thomas, Karumaloor | 1945 | 1971 | 31-1-2000 |

# കച്ചേരിക്കാര്യം

## 1) അഭിവന്ദ്യ മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവിന്റെ ചരമവാർഷികം



അഭിവന്ദ്യ കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്തയുടെ 70-ാം ചരമ വാർഷികം ജനുവരി 10-ാം തീയതിയാണ്. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നോർമ്മിപ്പിക്കുന്നു. വൈകിട്ട് 6.00 മണിക്ക് അഭിവന്ദ്യ പിതാവിനുവേണ്ടി എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

## 2) ജൂബിലി മംഗളങ്ങൾ

**സുവർണ്ണജൂബിലി (1976-77 - 2026-27)**




1) ഫാ. സെബാസ്റ്റ്യൻ മാണിക്കത്താൻ
2) ഫാ. വിൻസെന്റ് പറമ്പത്തറ
3) ഫാ. തോമസ് നരികുളം
4) ഫാ. വർഗീസ് അറയ്ക്കൽ
5) ഫാ. കുര്യാക്കോസ് (ജിമ്മി) ഇരവിമംഗലം

**രജതജൂബിലി (2001-2002 - 2026-27)**




1) ഫാ. അലക്സ് കരീമഠം
2) ഫാ. തോമസ് (ജിമ്മിച്ചൻ) കക്കാട്ടുചിറ
3) ഫാ. ആന്റണി (ടോണി) കോട്ടയ്ക്കൽ
4) ഫാ. ആന്റോ ചാലിശ്ശേരി
5) ഫാ. പോൾ ചെറുപിള്ളി
6) ഫാ. ഏല്യാസ് (ബിജു) ചക്യത്ത്
7) ഫാ. തോമസ് മഴുവഞ്ചേരി
8) ഫാ. പോൾ (സ്റ്റെന്നി) കുന്നേക്കാടൻ
9) ഫാ. വർഗീസ് (ബിജു) പെരുമായൻ
10) ഫാ. ജേക്കബ് കൊഴുവള്ളിൽ
11) ഫാ. സെബാസ്റ്റ്യൻ നെല്ലിശ്ശേരി

പൗരോഹിത്യസ്വീകരണത്തിന്റെ **സുവർണ്ണ-രജത ജൂബിലി** ആഘോഷിക്കുന്ന എല്ലാ വൈദികർക്കും മംഗളാശംസകളും പ്രാർത്ഥനയും നേരുന്നു!!!

## 3) വൈദികരുടെ വാർഷിക ധ്യാനം 2026

വൈദികരുടെ വാർഷിക ധ്യാനം സംബന്ധിച്ച വിവരങ്ങൾ വർഷാരംഭത്തിൽ തന്നെ അറിയിക്കുകയാണ്. ആത്മീയമായ വളർച്ചയ്ക്കായി മറ്റു ധ്യാനങ്ങളിൽ സംബന്ധിക്കുന്നത് വളരെ നല്ലതാണെങ്കിലും, വൈദികകൂട്ടായ്മയുടെ ഭാഗമായി അതിരൂപത സംഘടിപ്പിക്കുന്ന വാർഷികധ്യാനത്തിന് പകരമാണെന്ന് കരുതരുതെന്ന് അഭിവന്ദ്യ പിതാവ് നൽകിയ നിർദേശം ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. താഴെ കാണുന്ന നാല് ബാച്ചുകളിൽ ഏതെങ്കിലും ഒന്നിൽ സംബന്ധിക്കത്തക്കവിധത്തിൽ നേരത്തെതന്നെ പരിപാടികൾ ക്രമീകരിക്കാൻ അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. മെയ് മാസത്തിലെ എറണാകുളം മിസ്സത്തിൽ ധ്യാനത്തിന്റെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ബ. വൈദികർ അവർ ഉദ്ദേശിക്കുന്ന ബാച്ച് അറിയിച്ചാൽ അതിൽ ഉൾപ്പെടുത്തി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. ധ്യാനം നടത്തപ്പെടുത്തുന്നത് ചുണങ്ങംവേലി നിവേദിതയിൽ ആയിരിക്കും. പ്രീസ്റ്റ്സ് ഹോമുകളിലെ അച്ചന്മാരുടെ ധ്യാനം സംബന്ധിച്ച വിവരങ്ങൾ അവരെ നേരിട്ട് അറിയിക്കുന്നതാണ്. ഈ ധ്യാനത്തിൽ മറ്റാരെയും പ്രതീക്ഷിക്കുന്നില്ല.

| | |
|---|---|
| **June 21 Sunday - 26 Friday** | - Fr. Vincent Variath |
| **July 05 Sunday - 10 Friday** | - Fr. Joy Painadath |
| **July 12 Sunday - 17 Friday** | - Abp. Prince Panengadan |
| **Aug 16 Sunday - 21 Friday** | - Fr. Mariadas OIC *[Onam Batch]* |

## 4) വൈദികരുടെ ID Card

എറണാകുളം-അങ്കമാലി അതിരൂപതാ വൈദികർക്ക് നൽകുന്ന **'ID Card'** അതിരൂപതക്കച്ചേരിയിൽനിന്നും കൈപ്പറ്റാവുന്നതാണ്. ഇതിനായി ആവശ്യപ്പെട്ടിരുന്ന പ്രകാരം ഫോട്ടോയും മറ്റു വിവരങ്ങളും പുതുക്കി നൽകിയ വൈദികർക്കാണ് ഐഡി കാർഡുകൾ ഇപ്പോൾ വിതരണം ചെയ്യുന്നത്.

## 5) സ്വതന്ത്ര ഇടവകയായി

മറ്റൂർ സെന്റ് ആന്റണീസ് പള്ളിയുടെ കുരിശുപള്ളിയായിരുന്ന **മറ്റൂർ ടൗൺ സെന്റ് മേരീസ്** പള്ളിയെ BO/MTRT/3 നമ്പർ കല്പനയിലൂടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് 2025 ഡിസംബർ 28-ാം തീയതി സ്വതന്ത്ര ഇടവകയായി ഉയർത്തി.

## 6) ഇടവകയിൽ ചെലവഴിക്കാവുന്ന തുക

ഇടവകകളിൽ നടത്തേണ്ടിവരുന്ന വികസനപ്രവർത്തനങ്ങൾക്ക് ഇടവകയുടെ മുൻകൊല്ലത്തെ വാർഷികവരുമാനത്തിന്റെ നാലിലൊന്നോ അല്ലെങ്കിൽ അമ്പതിനായിരം രൂപയോ ഇവയിൽ ഏതു തുകയാണോ കുറഞ്ഞത് ആ തുക

യിൽ കൂടുതൽ ചെലവഴിക്കുന്നതിന് രൂപതാദ്ധ്യക്ഷന്റെ അനുവാദം ആവശ്യമാണ് (*അതിരൂപതാ നിയമസംഹിത 2009*, പേജ് 199, നമ്പർ 40.9).

കാലാനുസൃതമായ മാറ്റം കണക്കിലെടുത്ത് മേൽപറഞ്ഞ അമ്പതിനായിരം രൂപയുടെ **പരിധി അഞ്ച് ലക്ഷമായി** ഉയർത്തിയിരിക്കുന്നു. **2026 ജനുവരി മുതൽ** വാർഷികവരുമാനത്തിന്റെ നാലിലൊന്നോ അല്ലെങ്കിൽ അഞ്ച് ലക്ഷം രൂപയോ ഇവയിൽ ഏതു തുകയാണോ കുറഞ്ഞത് ആ തുകയിൽ കൂടുതൽ ചെലവു വരുന്ന പ്രവർത്തനങ്ങൾ ഇടവകയിൽ നടത്തുന്നതിന് അനുബന്ധ രേഖകൾ സഹിതം അതിരൂപതാ കച്ചേരിയിൽ പ്രത്യേകം അപേക്ഷ സമർപ്പിച്ച് രേഖാമൂലം അനുവാദം വാങ്ങേണ്ടതാണ്.

## 7) TRANSFERS AND APPOINTMENTS

**October 2025**

| | |
|---|---|
| Fr. Paravara Antony | Executive Director - Welfare Centre, Vaikom (Addl.) |
| Fr. Chakiath Elias (Biju) | Relieved - Executive Director - Welfare Centre, Vaikom |
| Sr. Feby Thomas CPS | Defender of Bond - Metropolitan Tribunal |
| Fr. Kothampananiyil Peter OCD | Relieved - Judge - Metropolitan Tribunal |

**November 2025**

| | |
|---|---|
| Fr. Kattayil Mathew (Denny) | Judge - Metropolitan Tribunal (Addl.) |
| Fr. Kattezhath Alex | Medical Leave |
| Fr. Manickathan Xavier (Dino) | Priest-in-charge - Asokapuram |
| Fr. Puthenpurackal Jinto (Mandya) | Resident Priest - Edappally |

**December 2025**

| | |
|---|---|
| Fr. Kozhikkadan Joseph | Priest-in-charge - Asokapuram |
| Fr. Meledath Paul (Jaison) | Director - Dept. of Family Units & Parish Renewal (Addl.) |
| Fr. Palackappilly Jacob G. | Relieved - Dept. of Family Units & Parish Renewal |
| Fr. Manickathan Xavier (Dino) | Vicar - Thrineyamkudom (T.V.Puram) |
| Fr. Anithottathil Gervasis | Relieved - Archdiocesan Promoter of Justice |
| Fr. Punnackal Niclavose CSsR | Relieved - Vicar - Thrineyamkudom (T.V.Puram) |

## 8) പാസ്റ്ററൽ കൗൺസിൽ യോഗം

2026-2029 കാലയളവിലേക്ക് രൂപീകൃതമായിരിക്കുന്ന എണാകുളം-അങ്കമാലി മേജർ അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമയോഗം **2026 ജനുവരി 24 ശനിയാഴ്ച രാവിലെ 10.00 മണിക്ക് കലൂർ റിന്യൂവൽ സെന്ററിൽ നടക്കും.**

അഭിവന്ദ്യ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവും, മേജർ ആർച്ചുബിഷപ്പിന്റെ വികാരി മാർ ജോസഫ് പാംപ്ലാനി പിതാവും പങ്കെടുക്കുന്ന പ്രസ്തുത യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും പ്രത്യേകം ക്ഷണിക്കുന്നു. പുതിയ പാസ്റ്ററൽ കൗൺസിലിന്റെ ഭാരവാഹികളെ പ്രസ്തുത യോഗത്തിൽ തെരഞ്ഞെടുക്കുന്നതാണ്. എല്ലാവരും കൃത്യസമയത്തുതന്നെ എത്തിച്ചേരാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട്**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

## PASTORAL COUNCIL 2026-2029

### A) EX-OFFICIO MEMBERS:

1. Mar Raphael Thattil (Major Archbishop)
2. Mar Joseph Pamplany (Proto Syncellus)
3. Fr. Jimmy Poochakkatt (Pro Proto Syncellus)
4. Fr. Jose Puthiyedath (Syncellus)
5. Fr. Anto Cheranthuruthy (Syncellus)
6. Fr. Antony Vazhakkala (Vicar Judicial)
7. Fr. Thomas Vaikathuparambil (Archeparchial Finance Officer)

«« Fr. Antony Vazhakkala (Chancellor)

8. Fr. Thomas Mangatt (Cathedral - Administrator)
9. Fr. Lukose Kunnathoor (Forane Vicar, Angamaly)
10. Fr. Joshy Vezhaparambil (Forane Vicar, Cherthala)
11. Fr. Antony Madathumpady (Forane Vicar, Edappally)
12. Fr. Joy Kannampuzha (Forane Vicar, Kanjoor)
13. Fr. Xavier Avallil (Forane Vicar, Karukutty)
14. Fr. Francis Arickal (Forane Vicar, Kizhakkambalam)
15. Fr. Johnson Kakkatt (Forane Vicar, Koratty)
16. Fr. Varghese Pottackal (Forane Vicar, Manjapra)
17. Fr. Augustine Bharanikulangara (Forane Vicar, Mookkannoor)
18. Fr. Xavier Thelakatt (Forane Vicar, Moozhikkulam)
19. Fr. Peter Kannampuzha (Forane Vicar, Pallippuram)
20. Fr. James Pereppadan (Forane Vicar, Paravur North)
21. Fr. Joseph Thamaravely (Forane Vicar, Thripunithura)
22. Fr. Berchmans Kodackal (Forane Vicar, Vaikom)

23. Fr. Sebastian Madassery (Forane Vicar, Vallam)
24. Fr. Martin Kallungal (Rector, Minor Seminary)
25. Fr. Paul Morely (Director, Catechesis)
«« Fr. Anto Cheranthuruthy (Director, Archdiocesan Liturgical Committee)
26. Fr. Joseph Koluthuvellil (Director, Social Service)
«« Fr. Joseph Thamaravely (Director, Bible Apostolate)
27. Fr. Joseph Manavalan (Director, Family Apostolate)
28. Fr. Ebey Edassery (Director, Sacred Music)
29. Fr. Jacob Koroth (Director, Proclamation and Communications)
30. Fr. Paul Meledath (Director, Family Units and Parish Renewal)
31. Fr. Tony Kottackal (Director, Anti Alcoholic Movement)
«« Fr. Joseph Thamaravely (Director, Evangelization & Prayer Groups)
32. Fr. Thomas Nangelimalil (Secretary, Archdiocesan Education Council)
33. Fr. Joseph (Joshy) Puthussery (Director, Renewal Centre)
34. Fr. Martin (Jottin Jose) Adayanthrath (Chief Editor, Sathyadeepam)
35. Fr. Varghese Ambalathingal (Chief Editor, Light of Truth)

**B) ELECTED MEMBERS**

**1. Presbyteral Council**

36. Fr. Kuriakose Mundadan
37. Fr. Sunny Kalappurackal

**2. Parish**

***Ernakulam Cathedral Forane***

38. Varghese Sebastian Kummamkulath (Kaikkarans)
39. Boby John Malayil (Vice-Chairman)
40. Sajiee James Chittilappilly (Women's Association)
41. Thankachan Perayil (Representative - Men)
42. Jessy Binoy Vilangadan (Representative - Women)

***Angamaly Forane***

43. Binoy Devassykutty Thaliyan (Kaikkarans)
44. Thomas K.P. Kachapilly (Vice-Chairman)
45. Meera Avarachan Thettayil (Women's Association)
46. Riju Devassy Kanjookkaran (Representative - Men)
47. Kochuthressia Stephen Thettayil (Representative - Women)

***Cherthala Forane***

48. Baby John Palackal (Kaikkarans)
49. Adv. C.V. Thomas Loveshore (Vice-Chairman)
50. Biji Joseph Kunnungal (Women's Association)
51. Lijo P. Jose Pulluruthikary (Representative - Men)
52. Mercy Mathew Indikuzhy (Representative - Women)

***Edappally Forane***

53. George Kurian Pottamkulam (Kaikkarans)
54. Vincent Joseph Padinjarekudiyil (Vice-Chairman)
55. Lissy Roy Padippurackal (Women's Association)
56. Biju Mathew Mulakkal (Representative - Men)
57. Nimmy Antony Menacherry (Representative - Women)

***Kanjoor Forane***

58. Tinu Suresh Babu Tharayil (Kaikkarans)
59. Shaiju Maliyanveettil (Vice-Chairman)
60. Daisy Philip Kanjirathinkal (Women's Association)
61. Pappachan Athappilly (Representative - Men)
62. Mercy Alphonse Malayil (Representative - Women)

***Karukutty Forane***

63. Jijo Mathew Chittinappilly (Kaikkarans)
64. Joy Paul Vathikulam (Vice-Chairman)
65. Deepa Baby Chittinappilly (Women's Association)
66. Joseph Ouseph Alukka (Representative - Men)
67. Ruby Jogy Chirackal Airookaran (Representative - Women)

***Kizhakkambalam Forane***

68. Jemi K. Augustine Kalathil (Kaikkarans)
69. Saji Paul Kureekaveepatt (Vice-Chairman)
70. Moly Boban Maliekkal (Women's Association)
71. Peter Joseph Punchaputhussery (Representative - Men)
72. Renju P.X. Paravara (Representative - Women)

***Koratty Forane***

73. Julias Veliyath (Kaikkarans)
74. Jino Joseph Pullely (Vice-Chairman)
75. Lovely Joy Kuttiyil (Women's Association)
76. Adv. C.A. Paul Chunkan (Representative - Men)
77. Tessy Joseph Panikkassery (Representative - Women)

***Manjapra Forane***

78. Roy Thottakkara (Kaikkarans)
79. Shelby Benny Meppilly (Vice-Chairman)
80. Rincy Polachan Thiruthanathil (Women's Association)
81. Bijoy Cheriyan Vadakkumcherry (Representative - Men)
82. Alphonsa Devassy Maniparambil (Representative - Women)

***Mookkannoor Forane***

83. Baiju Ouseph Moonjely (Kaikkarans)
84. Paul Thomas Kaiprambatt (Vice-Chairman)
85. Limny Baby Njalian (Women's Association)
86. Risso Thomas Parecattil (Representative - Men)
87. Lincy Pauly Panthaly (Representative - Women)

***Moozhikkulam Forane***

88. Kuriakose Paulo Nellissery (Kaikkarans)
89. Melvin Wilson Manjaly (Vice-Chairman)
90. Shainy Naijo Kavalipadan (Women's Association)
91. Johnson Mathunny Chirackal Manavalan (Representative - Men)
92. Maria Don Manjaly (Representative - Women)

***Pallippuram Forane***

93. Joseph Issac Vathappally (Kaikkarans)
94. Xavier C.J. Chirayapadickal (Vice-Chairman)
95. Susan Ouseph Kallupeedika (Women's Association)
96. Josukutty Kariyil (Representative - Men)
97. Biji Reji Mattathuvely (Representative - Women)

***Paravur Forane***

98. Alex Antony (Augustine) Mazhuvanchery (Kaikkarans)
99. Sajan Chakkiath (Paul) (Vice-Chairman)
100. Sheela George Petta (Women's Association)
101. Varghese P. John (Prakash) Painumkal (Representative - Men)
102. Lissy Jose Maliyakal (Representative - Women)

***Thripunithura Forane***

103. Nelson Varghese Mattathil (Kaikkarans)
104. Thomas Joseph Painumkal (Vice-Chairman)
105. Boby Sajan Chazhoor (Women's Association)
106. Shaiju Antony Koroth (Representative - Men)
107. Rajeena Thomas Kalayil (Representative - Women)

***Vaikom Forane***

108. George K.P. Avallil (Kaikkarans)
109. George K.J. Pazhemadom Kuriappallil (Vice-Chairman)
110. Molly John Arasseril (Women's Association)
111. N.T. Job Njaravelil (Representative - Men)
112. Mercy Ouseph Kavilpeedikayil (Representative - Women)

***Vallam Forane***

113. Reby Jacob Chundanga (Kaikkarans)
114. Shijan Antony Uthuppan (Vice-Chairman)
115. Reena Johnson Pallathukudy (Women's Association)
116. Jerad P. Parappuram (Representative - Men)
117. Alphonsa John Ponthembilly (Representative - Woman)

**3. Religious Congregations**

***Men Religious:***

118. Fr. Alex Chalangady (VC)
119. Fr. Benny Nelkara (CMI)
120. Fr. Jijo Indiparambil (CST)
121. Fr. Jaison Kalan (OFM Cap.)
122. Fr. Simon Chiramel (MCBS)
123. Fr. Poly Kannampuzha (CSsR)
124. Fr. Siby Njavallikunnel (CMF)
125. Fr. Varghese Panickassery (RCJ)
126. Fr. George Paracka (OSC)
127. Fr. Paul Panamkulam (ISch)
128. Fr. Tomy Thomas Perumprayil (SVD)
129. Bro. Savio Arackal (CST)
130. Bro. Jose A.L. (CMSF)

***Women Religious:***

131. Sr. Little Flower (CMC)
132. Sr. Mariya Anto (CMC)
133. Sr. Shephy Davis (FCC)
134. Sr. Lee Rose Plackal (SABS)
135. Sr. Raisy Thaliyan (SD)
136. Sr. Ashly (CSN)
137. Sr. Divya (MSJ)
138. Sr. Ritty Francis (ASMI)
139. Sr. Mariya Paul (CHF)
140. Sr. Dona (CPS)
141. Sr. Joisy Chittinappilly (FHGS)
142. Sr. Mareena (MC)
143. Sr. Siji Varikulam (SSS)
144. Sr. Lillies Varghese (SAB)
145. Sr. Lilly Payyappilly (SJSM)
146. Sr. Lovely Pynadath (CSC)
147. Sr. Georgina Thottathil (DSML)
148. Sr. Rincy Koikkara (DCPB)

## C) ASSOCIATIONS & ORGANIZATIONS:

149. Fr. Antony Puthiaparambil (Director, A.K.C.C.)
150. Fr. Anto Chalissery (Promoter, C.L.C.)
151. Fr. Paul (Anil) Kiliyelkudy (Sr.) (Director, C.M.L.)
152. Fr. Fernanto Jose Panengatt OFM Cap. (Director, S.F.O.)
153. Fr. Paul Chully (Director, D.C.M.S.)
«« Fr. Thomas Nangelimalil (Director, K.C.S.L.)
154. Fr. Paul (Jino) Bharanikulangara (Director K.C.Y.M.)
«« Fr. Antony Vazhakkala (Director, Legion of Mary)
155. Fr. Thomas (Joy) Perumayan (Director, S.V.P.S.)
156. Fr. Paul Cherupilly (Director, W.W.S.)
157. Fr. Sebastian (Sibin) Manayampilly (Director, K.L.M.)
«« Fr. Thomas Nangelimalil (Director, Archdiocesan Teachers' Guild)
158. Fr. Jose (Freddy) Kottoor (Director, Holy Childhood)
159. Fr. Sebastian Theckanath (Director, Jesus Fraternity)
«« Fr. Joseph Koluthuvellil (Director, INFARM)
160. Mr. S.I. Thomas (President, A.K.C.C.)
161. Mr. Benny Antony Muttath (Global Forum Vice President, A.K.C.C.)
162. Mr. Sinoby Joy (President, C.L.C.)
163. Mr. Davis Vallooran (International President, C.M.L.)
164. Mr. Paul Jovar K.P. (President, C.M.L.)
165. Mr. Kiran Sebastian (President, S.F.O.)
166. Mr. Scaria Antony (President, D.C.M.S.)
167. Mr. Saju Thomas (President, K.C.S.L.)
168. Mr. Jerin Parayil (President, K.C.Y.M.)
169. Mr. Valsa Jose (President, Legion of Mary)
170. Mr. Peter Sebastian (President, S.V.P.S.)
171. Mrs. Jainy Sam Raj (President, W.W.S.)
172. Mr. Antony Palimattom (President, K.L.M.)
173. Ms. Jeeba Poulose (Archdiocesan Teachers' Guild)
174. Mr. K.A. Paulose (President, Anti Alcoholic Movement)

## D) CATECHISM

175. Saji Varghese Cheruvallikattu

## E) EDUCATIONAL INSTITUTIONS (SCHOOLS AND COLLEGES)

176. Mr. Soy Kalambatt (St. Joseph's H.S.S., Kizhakkambalam)
177. Mr. Sony Joseph (St. Joseph's H.S., Meloor)
178. Mr. Roji P. Chacko (St. Augustine's L.P.S., Pazhanganad)

**F) HOSPITAL DIRECTORS:**

179. Fr. Paul Karedan (Lisie Hospital, Ernakulam)

**G) MAJOR SEMINARY PROFESSORS:**

180. Fr. Augustine Kallely (Mangalapuzha Seminary)


**H) NOMINATED MEMBERS:**

181. Justice Kurian Joseph
182. Mr. Roji M. John MLA
183. Dr. Sam Thomas, Pulickathazhe
184. Mr. Manoj Moothedan
185. Mr. Henint Baby Joseph, Poothullil
186. Mr. Libin Benny, Placka
187. Mr. Johns Shaju, Chennakkadan
188. Ms. Ancy Joy, Padamadan

Two more members will be nominated later.

* * * * *

# നിര്യാതരായി



## ഫാ. പോൾ കട്ടയ്ക്കകെത്തൂട്ട്

**ജനനം: 24/04/1932**
**തിരുപ്പട്ടം: 28/03/1963**
**മരണം: 07/12/2025**

ബഹുമാനപ്പെട്ട പോൾ കട്ടയ്ക്കകെത്തൂട്ട് അച്ചൻ 1932 ഏപ്രിൽ 24-ാം തീയതി മൂഴിക്കുളം കട്ടയ്ക്കകത്തൂട്ട് വർക്കി-താണ്ടമ്മ ദമ്പതികളുടെ നാല് മക്കളിൽ രണ്ടാമത്തെ മകനായി ജനിച്ചു. ഔസേപ്പ്, ഫാ. വഗീസ് കട്ടയ്ക്കകെത്തൂട്ട്, സി. റൊമാന എസ്.എ.ബി.എസ്. എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന്, തൃശിനാപ്പിള്ളി സെമിനാരിയിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച് വൈദിക പരിശീലനം

പൂർത്തിയാക്കി. 1963 മാർച്ച് 28-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

അതിരൂപതയിലെ ചേർത്തല-മുട്ടം ഫൊറോന പള്ളിയിൽ സഹവികാരിയായും മാണിക്കമംഗലം, ആനപ്പാറ, കൂടാലപ്പാട്, പുഷ്പഗിരി, പെരുമ്പാവൂർ, കരുമാലൂർ, പൂണിത്തുറ, കുറ്റിപ്പുഴ, കറുകുറ്റി, തൈക്കാട്ടുശ്ശേരി, താബോർ, കടവന്ത്ര, ഈസ്റ്റ് ചേരാനല്ലൂർ, കരയാംപറമ്പ്, പൊതിയക്കര, നായത്തോട് എന്നിവിടങ്ങളിൽ വികാരിയായും തൃക്കാക്കര മൈനർ സെമിനാരി, അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി എന്നിവിടങ്ങളിൽ സ്പിരിചൽ ഡയറക്ടറായും, അതിരൂപതാ വൈസ് ചാൻസലർ ആയും അച്ചൻ സേവനം ചെയ്തിട്ടുണ്ട്. എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന പോളച്ചൻ ശാരീരിക അസ്വസ്ഥതകളെത്തുടർന്ന് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ചികിത്സയിൽ ആയിരുന്നു. ഹൃദയാഘാതം മൂലം 2025 ഡിസംബർ 7-ാം തീയതി ഞായറാഴ്ച രാവിലെ ബഹുമാനപ്പെട്ട പോൾ കട്ടയ്ക്കകത്തൂട്ട് അച്ചൻ തന്റെ 93-ാം വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട പോളച്ചന്റെ മൃതദേഹം ഡിസംബർ 10-ാം തീയതി ബുധനാഴ്ച രാവിലെ 7.30-ന് എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോമിൽ പൊതുദർശനത്തിനു വച്ചു. മൃതസംസ്ക്കാരശുശ്രൂഷയുടെ ആദ്യഭാഗം കുടുംബാംഗമായ ബഹുമാനപ്പെട്ട ബോണി കട്ടയ്ക്കകത്തൂട്ട് അച്ചൻ നടത്തി. ഉച്ചയ്ക്ക് 12.30 വരെ മൂഴിക്കുളം കട്ടയ്ക്കകത്തൂട്ട് കുടുംബവീടായ റോസി ഔസേപ്പിന്റെ ഭവനത്തിൽ പൊതുദർശനത്തിനു വച്ചു. മൃതസംസ്കാരത്തിന്റെ രണ്ടാം ഭാഗം മൂഴിക്കുളം ഫൊറോനാ പള്ളി വികാരി പെ. ബ. സേവ്യർ തേലക്കാട്ട് അച്ചൻ നിർവ്വഹിച്ചു. ഉച്ചയ്ക്ക് 2.30-ന് മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം ആരംഭിച്ചു. പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ് പെ. ബ. ജിമ്മി പൂച്ചക്കാട്ട് അച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു. ബ. ബോണി കട്ടയ്ക്കകത്തൂട്ട്, ബ. ടോമി പാലാട്ടി, ബ. തോമസ് പെരേപ്പാടൻ, ബ. ജോസ് പൈനുങ്കൽ, ബ. തോമസ് കല്ലൂക്കാരൻ, ബ. ജോർജ് മാണിക്കത്താൻ എന്നീ വൈദികർ സഹകാർമ്മികരായി.

സുവിശേഷവായനയ്ക്കുശേഷം ബ. ബോണി കട്ടയ്ക്കകത്തൂട്ട് അച്ചൻ സുവിശേഷഗ്രന്ഥം മുത്തിച്ചു. ബ. ജോസ് ഇടശ്ശേരി അച്ചനാണ് വിശുദ്ധ കുർബാന മദ്ധ്യേ സന്ദേശം നൽകിയത്. പോളച്ചനെക്കുറിച്ച് ദൈവത്തിന് നന്ദി പറയാനും സ്തുതിക്കാനും ഏറെ കാര്യങ്ങളുണ്ട് എന്നുപറഞ്ഞുകൊണ്ടാണ് ഇടശ്ശേരിയച്ചൻ തന്റെ സന്ദേശം ആരംഭിച്ചത്. നിർമ്മലവും ദൈവത്തിനു പ്രിയങ്കരവും ലളിതവുമായ ജീവിതമായിരുന്നു അച്ചന്റേത്. കാണാനായി ഏതുസമയത്തു ചെന്നാലും അച്ചൻ എല്ലാവരെയും സന്തോഷത്തോടെ സ്വീകരിക്കു

മായിരുന്നു. ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ച് അഭിമാനത്തോടെ പൗരോഹിത്യത്തെക്കുറിച്ച് സംസാരിച്ചിരുന്ന വൈദികനാണ് അദ്ദേഹം. നല്ലൊരു അജപാലകനായിരുന്നു പോളച്ചൻ. തന്റെ ഇടവകയിലെ ഓരോ അംഗത്തെക്കുറിച്ചും കൃത്യമായ അറിവ് അച്ചനുണ്ടായിരുന്നു. അച്ചന്റെ ശാന്തമായ ശൈലി എല്ലാ വൈദികർക്കും മാതൃകയാണ്. അച്ചനെ എല്ലാവർക്കും എപ്പോഴും സ്വാതന്ത്ര്യത്തോടെ സമീപിക്കാൻ സാധിക്കുമായിരുന്നു. വേദനകളും ക്ലേശങ്ങളും അനുഭവിച്ചിരുന്നവർക്ക് അച്ചൻ ആശ്വാസം നൽകിയിരുന്നു. ഒരു വിശുദ്ധനായ വൈദികനാണ് അദ്ദേഹം. സെമിനാരിക്കാലം മുതൽ അച്ചനെ ആത്മീയ പിതാവായി സ്വീകരിച്ച ഒത്തിരിയേറെ അച്ചന്മാർ ഉണ്ട്. സ്ഥാനമാനങ്ങളെ മോഹിക്കാതെ നിയമനം എവിടെ ലഭിച്ചാലും അത് സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്ത വ്യക്തിയാണ് പോളച്ചൻ. പോളച്ചന്റെ പൗരോഹിത്യത്തെപ്രതി ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ടാണ് ജോസ് ഇടശ്ശേരിയച്ചൻ സന്ദേശം അവസാനിപ്പിച്ചത്.

മൃതസംസ്കാരശുശ്രൂഷയുടെ അവസാന ഭാഗത്ത് മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് കാർമികത്വം വഹിച്ചു. അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് സഹകാർമികനായിരുന്നു. പോളച്ചൻ തന്റെ പൗരോഹിത്യജീവിതത്തിൽ അതിരൂപതയ്ക്കുവേണ്ടി ചെയ്ത എല്ലാ അദ്ധ്വാനത്തെയും അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് നന്ദിയോടെ സ്മരിച്ചു. പ്രിയപ്പെട്ട പോൾ അച്ചാ, അച്ചന്റെ എളിമയും ശാന്തതയും ലാളിത്യവും നിറഞ്ഞ ജീവിതമാതൃകയ്ക്കു മുന്നിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം!!!

■

## റവ. സിസ്റ്റർ അഗസ്റ്റിൻ MSJ
## (N.J. ട്രീസ നീലങ്കാവിൽ, പാവറട്ടി)
## നിർമ്മല പ്രൊവിൻസ്, ആലുവ (എറണാകുളം)



ജനനം : 30/04/1929

വ്രതവാഗ്ദാനം : 02/10/1952

മരണം : 13/12/2025

# വാർത്തകളും വിശേഷങ്ങളും

## മോൺ. ജോസഫ് പഞ്ഞിക്കാരനെ ധന്യനായി പ്രഖ്യാപിച്ചു



കേരള കത്തോലിക്കാ സഭയ്ക്ക് ഈടുറ്റ സംഭാവനകൾ നൽകിയിട്ടുള്ള ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനെ, 2025 ഡിസംബർ 18-ന് ലിയോ പതിനാലാമൻ മാർപാപ്പ ധന്യനായി പ്രഖ്യാപിച്ചു.

ചേർത്തല ഫൊറോനയിലെ ഉഴുവയിൽ 1888 സെപ്റ്റംബർ 10-നാണ് പഞ്ഞിക്കാരനച്ചന്റെ ജനനം. 1949 നവംബർ 4-ന് നിര്യാതനായ അദ്ദേഹത്തിന്റെ നാമകരണ നടപടികൾക്ക് കോതമംഗലം രൂപത 2010-ൽ തുടക്കമിട്ടു. അന്നുമുതൽ ദൈവദാസൻ എന്ന് വിശേഷിപ്പിക്കപ്പെട്ടു പോരുകയായിരുന്നു. പ്രസിദ്ധമായ തിരുച്ചിറപ്പിള്ളി സെന്റ് ജോസഫ്സ് കോളേജിൽ നിന്ന് ചരിത്രത്തിൽ എം.എ. നേടി എത്തിയതിനു ശേഷമാണ് അദ്ദേഹം എറണാകുളം അതിരൂപതയുടെ മൈനർ സെമിനാരിയിൽ വൈദികവിദ്യാർഥിയായി ചേർന്നത്. സുറിയാനി കത്തോലിക്കരുടെ ഇടയിൽനിന്ന് ആദ്യമായി എം.എ. ബിരുദം നേടിയ അദ്ദേഹത്തിന്റെ സെമിനാരി പ്രവേശനം തന്നെ അന്നു ശ്രദ്ധ നേടി. ശ്രീലങ്കയിലെ കാൻഡി സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. 1918 ഡിസംബർ 21-ന് വൈദികനായി അഭിഷിക്തനായി. എറണാകുളം അതിരൂപതയുടെ ഉടമസ്ഥതയിലുള്ള ആലുവ സെന്റ് മേരീസ് സ്കൂളിൽ അധ്യാപകനായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു.

എറണാകുളം അതിരൂപത വൈദികനായിരുന്ന പഞ്ഞിക്കാരനച്ചനാണ് സത്യദീപം വാരികയുടെ സ്ഥാപകരിൽ ഒരാൾ. ഇദ്ദേഹം ധർമ്മഗിരി സിസ്റ്റേഴ്സ് എന്നറിയപ്പെടുന്ന മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനാണ്. 1921 മുതൽ മരണം വരെ, എറണാകുളം അതിരൂപത വേദപ്രചാരവിഭാഗത്തിന് നേതൃത്വം വഹിച്ച മോൺ. പഞ്ഞിക്കാരൻ അവിഭക്ത എറണാകുളം അതിരൂപതയുടെ ഭാഗമായിരുന്ന കിഴക്കൻ പ്രദേശങ്ങളിൽ, കോതമംഗലം, ചേർത്തല കേന്ദ്രീകരിച്ച് ശക്തമായ പ്രേഷിത പ്രവർത്തനങ്ങൾ നടത്തി. കോതമംഗലത്ത് ധർമ്മഗിരി ആശുപത്രി സ്ഥാപിച്ച മോൺ. പഞ്ഞിക്കാരൻ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുടെ സ്ഥാപനത്തിലും നിർണായക പങ്കു വഹിച്ചു.

പിന്നീട് അന്നത്തെ അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ് അഗസ്റ്റിൻ കണ്ടത്തിലിന്റെ അനുമതിയോടെ അധ്യാപകവൃത്തി വിട്ട് പാവപ്പെട്ടവരുടെയും ദളിതരുടെയും ഇടയിൽ സേവനം ചെയ്യാൻ ആരംഭിച്ചു. അതിരൂപതയുടെ കിഴക്കൻ പ്രദേശത്തേക്ക് യാത്രയായ അദ്ദേഹം കോതമംഗലത്ത് ധർമ്മഗിരി എന്ന ചികിത്സാലയം സ്ഥാപിച്ചു. പാവപ്പെട്ടവർക്കു ചികിത്സ നൽകാനായി മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് എന്ന സന്യാസിനീസമൂഹത്തിനു രൂപം നൽകി. 1925-ൽ റോമിൽ നടന്ന ഇന്റർനാഷണൽ മിഷൻ എക്സിബിഷനിൽ സീറോമലബാർസഭയുടെ പ്രതിനിധിയായി പ്രവർത്തിച്ചിട്ടുണ്ട്. ഫിലോസഫി, തിയോളജി, കാനൻ നിയമം എന്നീ വിഷയങ്ങളിൽ റോമിൽ ഉപരിപഠനം നടത്തി. ഡബ്ലിനിൽ നടന്ന അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസിൽ ഇന്ത്യയെ പ്രതിനിധീകരിക്കാനും അദ്ദേഹത്തിന് അവസരം ലഭിച്ചു.

## ലിയോ 14-ാമൻ പാപ്പയുടെ പുതിയ അപ്പസ്തോലിക ലേഖനം- 'വിശ്വാസത്തിന്റെ ഐക്യത്തിൽ' പ്രസിദ്ധീകരിച്ചു

പ്രഥമ എക്യുമെനിക്കൽ കൗൺസിലായ നിഖ്യാ കൗൺസിലിന്റെ 1700-ാം വാർഷികത്തോടനുബന്ധിച്ച് 'ഇൻ യൂണിറ്റേറ്റ് ഫിദെയ്' (വിശ്വാസത്തിന്റെ ഐക്യത്തിൽ) എന്ന അപ്പസ്തോലിക ലേഖനം ലിയോ 14-ാമൻ പാപ്പ പ്രസിദ്ധീകരിച്ചു. തുർക്കിയിലേക്കുള്ള അപ്പസ്തോലിക സന്ദർശനത്തിന് മുന്നോടിയായി, ക്രിസ്തുവിന്റെ രാജത്വ തിരുനാൾ ദിനത്തിലാണ് പന്ത്രണ്ട് ഭാഗങ്ങളായി വിഭജിച്ചിരിക്കുന്ന ഈ ലേഖനം പ്രസിദ്ധീകരിച്ചത്. നമ്മുടെ 'പ്രത്യാശയായ ക്രിസ്തുവി'നെ പ്രമേയമായി സ്വീകരിച്ചിരിക്കുന്ന ഈ ജൂബിലി വർഷത്തിൽ ഒന്നാം നിഖ്യാ എക്യുമെനിക്കൽ കൗൺസിലിന്റെ 1700-ാം വാർഷികം നാം ആഘോഷിക്കുന്നത് 'ദൈവികമായ യാദൃശ്ചികത' ആണെന്ന് പാപ്പ പറഞ്ഞു. ദൈവപുത്രനായ യേശുക്രിസ്തുവിലുള്ള വിശ്വാസത്തെക്കുറിച്ച് എ.ഡി. 325-ലെ കൗൺസിലിന്റെ പ്രഖ്യാപനം ക്രിസ്തീയ വിശ്വാസത്തിന്റെ കാതലാണ്. എല്ലാ ഞായറാഴ്ചകളിലും ദിവ്യബലികളിൽ നിഖ്യ വിശ്വാസപ്രമാണമാണ് നാം ഏറ്റുചൊല്ലുന്നത്. ഈ കാലഘട്ടത്തിൽ 'ഈ വിശ്വാസപ്രമാണം നമുക്ക് പ്രത്യാശ നൽകുന്നു.' നിഖ്യാ കൗൺസിലിന്റെ എക്യുമെനിക്കൽ മൂല്യം ഇന്നും പ്രസക്തമാണ്. ഓർത്തഡോക്സ്, പൗരസ്ത്യ ഓർത്തഡോക്സ് സഭകളുമായും നവോത്ഥാനത്തിന്റെ ഫലമായി രൂപപ്പെട്ട സഭാ സമൂഹങ്ങളുമായും പൂർണമായ ഐക്യം ഇതുവരെ സാധ്യമായിട്ടില്ലെങ്കിലും, ഒരേ ജ്ഞാനസ്നാനത്തിലും നിഖ്യ വിശ്വാസപ്രമാണത്തിലും അധിഷ്ഠിതമായി നടത്തുന്ന എക്യുമെനിക്കൽ സംഭാഷണങ്ങൾ മറ്റ് സഭകളിലെയും സഭാ സമൂഹങ്ങളിലെയും അംഗങ്ങളെ യേശുക്രിസ്തുവിലുള്ള നമ്മുടെ സഹോദരീസഹോദരന്മാരായി അംഗീകരിക്കാനും, ലോകമെമ്പാടു

മുള്ള ക്രിസ്തു ശിഷ്യന്മാരുടെ ഏക സാർവത്രിക സമൂഹത്തെ വീണ്ടും കണ്ടെത്താനും ഇടയാക്കിയതായി പാപ്പ വ്യക്തമാക്കി.

## പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പയുമായി മേജർ ആർച്ചുബിഷപ്പ് കൂടിക്കാഴ്ച നടത്തി

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ്, പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പയുമായി 2025 ഡിസംബർ 15-നു രാവിലെ 10.00 മണിക്ക് വത്തിക്കാനിൽ സുപ്രധാനമായ കൂടിക്കാഴ്ച നടത്തി. സീറോമലബാർ മെത്രാൻ സിനഡിന്റെ സെക്രട്ടറി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, മേജർ ആർച്ചുബിഷപ്പിന്റെ റോമിലെ പ്രൊക്യൂറേറ്റർ ബിഷപ്പ് മാർ സ്റ്റീഫൻ ചിറപ്പണത്ത് എന്നിവരും ഈ സന്ദർശനത്തിൽ ഉണ്ടായിരുന്നു. സീറോമലബാർ സഭയ്ക്ക് കേരളത്തിന് പുറത്ത് പുതുതായി നാലു പ്രോവിൻസുകളും ഗൾഫുമേഖലയിൽ അപ്പസ്തോലിക് വിസിറ്റേഷനും അനുവദിച്ചതിനും പന്ത്രണ്ടു രൂപതകളുടെ അതിർത്തി പുനഃക്രമീകരിക്കുന്നതിനുള്ള സിനഡുതീരുമാനത്തിനു അംഗീകാരം നല്കിയതിനും പരിശുദ്ധ പിതാവിനോടുള്ള സഭയുടെ ഹൃദയപൂർവ്വമായ നന്ദി മേജർ ആർച്ചുബിഷപ്പ് രേഖപ്പെടുത്തി. ഇതോടൊപ്പം, എറണാകുളം-അങ്കമാലി അതിരൂപതയിലെ നിലവിലെ സാഹചര്യം അഭിവന്ദ്യ പിതാക്കൻമാർ പരിശുദ്ധ പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തി. സമാധാനവും ഐക്യവും പുനഃസ്ഥാപിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളും സംഭാഷണത്തിന്റെയും സഹിഷ്ണുതയുടെയും വഴിയിലൂടെ ഐക്യം സാധ്യമാക്കാനുള്ള ശ്രമങ്ങളും മേജർ ആർച്ചുബിഷപ്പ് വിശദീകരിച്ചു. അതിരൂപതയിലെ ഇപ്പോഴത്തെ സാഹചര്യങ്ങളെക്കുറിച്ചു പറഞ്ഞ കാര്യങ്ങൾ ശ്രദ്ധയോടെ ശ്രവിച്ച പരിശുദ്ധ പിതാവ് കൂട്ടായ്മ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളോട് അതിരൂപതയിലെ വിശ്വാസികളും വൈദികരും സമർപ്പിതരും പൂർണമായും സഹകരിക്കേണ്ടതിന്റെ ആവശ്യം എടുത്തുപറഞ്ഞു.

## സ്ത്രീകൾക്ക് ഡീക്കൻ പട്ടം നൽകുന്നത് നിലവിൽ സാധ്യമല്ല: പെത്രോക്കി കമ്മീഷൻ

ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കു ചേർക്കുന്നതിന്റെ ഭാഗമെന്ന നിലയിൽ സ്ത്രീകൾക്ക് ഡീക്കൻ പട്ടം നല്കുന്നതിനെക്കുറിച്ച് പ്രതികൂല നിലപാടുമായി കർദ്ദിനാൾ പെത്രോക്കി കമ്മീഷൻ. ഫ്രാൻസിസ് പാപ്പായുടെ നിർദ്ദേശപ്രകാരം നടത്തിയ സുദീർഘമായ പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷമാണ്, ഇറ്റലിയിലെ ആക്വില അതിരൂപതയുടെ മുൻ അദ്ധ്യക്ഷനും കർദ്ദിനാളുമായ അഭിവന്ദ്യ ജ്യൂസേപ്പെ പെത്രോക്കി (Card. Giuseppe Petrocchi) അദ്ധ്യക്ഷനായുള്ള

കമ്മീഷൻ ഇത്തരമൊരു റിപ്പോർട്ട് ലിയോ പതിനാലാമൻ പാപ്പായ്ക്ക് സെപ്റ്റംബർ 18-ന് സമർപ്പിച്ചത്. തിരുപ്പട്ടത്തിന്റെ ആദ്യ പടിയെന്ന നിലയിൽ സ്ത്രീകൾക്ക് ഡീക്കൻ പട്ടം നൽകുന്നതിന്റെ സാധ്യതയെക്കുറിച്ച്, തിരുവചനത്തിന്റെയും, സഭാപാരമ്പര്യത്തിന്റെയും, സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളുടെയും കൂടി വെളിച്ചത്തിൽ നടത്തിയ ചരിത്രാന്വേഷണങ്ങളും ദൈവശാസ്ത്ര പഠനങ്ങളും നടത്തിയതും, അത്തരമൊരു കാര്യം ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങളും കണക്കിലെടുത്ത്, പ്രതികൂലമായ ഒരു തീരുമാനത്തിലേക്ക് നയിക്കുന്നുവെന്ന് കമ്മീഷൻ തങ്ങളുടെ റിപ്പോർട്ടിൽ എഴുതി. 2022-ൽ നടന്ന സെഷനിൽ ഒന്നിനെതിരെ ഏഴ് വോട്ടുകളോടെയാണ്, നിലവിലെ തീരുമാനം കമ്മീഷൻ രൂപപ്പെടുത്തിയത്. തുടർന്ന് 2025-ൽ നടന്ന സെഷനിൽ, സിനഡിന്റെ നിർദ്ദേശപ്രകാരം, ഇതുമായി ബന്ധപ്പെട്ട് നൽകപ്പെട്ട മറ്റ് അഭിപ്രായങ്ങൾകൂടി പരിഗണിച്ചതിനുശേഷമാണ് ഈ തീരുമാനവുമായി മുന്നോട്ട് പോകാൻ കമ്മീഷൻ നിശ്ചയിച്ചത്. ഡീക്കൻ എന്ന സ്ഥാനം ശുശ്രൂഷാനിയോഗത്തിന്റെ ഭാഗമാണെന്നും, അത് പൗരോഹിത്യം മുന്നിൽ കണ്ടല്ലെന്നും ചിലർ വാദിക്കുന്നുണ്ടെങ്കിലും, മറുഭാഗത്ത്, ശുശ്രൂഷാ പൗരോഹിത്യത്തിന്റെ ഡീക്കൻ, പുരോഹിതൻ, മെത്രാൻ എന്നീ മൂന്ന് നിലകൾ തമ്മിലുള്ള ഐക്യം, ഡീക്കനായി ഉയർത്തപ്പെട്ടതിന് ശേഷം, പൗരോഹിത്യത്തിന്റെ മറ്റ് നിലകളിൽനിന്ന് സ്ത്രീകൾ മാറ്റിനിറുത്തപ്പെടുന്നമ്പോൾ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ തുടങ്ങിയവ കമ്മീഷൻ പ്രത്യേകം പരിഗണിച്ചു.

* * * * *

# ***New Office-Bearers***

## SECULAR INSTITUTE OF SCHOENSTATT FATHERS

### Providence Province

| | | |
|---|---|---|
| Provincial Superior | - | Fr. Paul Panamkulamn |
| Councillors | - | Fr. Sherin Kannappilly |
| | | Fr. Thejas Peedikathundiyil |
| | | Fr. Xavier Manickathan |
| | | Fr. Babu Kalathingal |

***Congratulations and Prayerful Wishes to the New Office-Bearers***

# Dept. of Archdiocesan Public Relations

**EKM/PRO/2025/12** **27-12-2025**

## സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിലെ പ്രതിഷേധം അപലപനീയവും നിയമവാഴ്ചയോടുള്ള വെല്ലുവിളിയും

സീറോമലബാർസഭയുടെ ആസ്ഥാന ദേവാലയമായ സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ ഡിസംബർ 10 മുതൽ സഭാവിശ്വാസികൾ എന്ന വ്യാജേന ഏതാനും പേർ നടത്തുന്ന പ്രതിഷേധപരിപാടി അപലപനീയവും സഭാസംവിധാനങ്ങളേയും സമാധാനാന്തരീക്ഷത്തേയും തുരങ്കം വയ്ക്കുന്നതുമാണ്. രണ്ടായിരത്തിലധികം കുടുംബങ്ങളുള്ള ബസിലിക്ക ഇടവകയിൽനിന്നുള്ളവരും അല്ലാത്തവരുമായ വിരലിൽ എണ്ണാവുന്ന ഏതാനും പേർ പള്ളി കയ്യടക്കി എന്ന ഭാവത്തിൽ ഇരിപ്പുറപ്പിക്കുന്നത് നീതിന്യായവ്യവസ്ഥയെത്തന്നെ വെല്ലുവിളിക്കുന്നതും ആരാധന സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നതുമാണ്.

സമാധാനം സ്ഥാപിക്കാനുള്ള എല്ലാ ശ്രമങ്ങളോടും നിസ്സഹകരിക്കുന്ന ഇവരുടെ യഥാർത്ഥ ലക്ഷ്യം വി. കുർബാന അർപ്പണമോ സഭാസ്നേഹമോ അല്ല എന്ന് പൂർണ്ണമായും വ്യക്തമാക്കുന്നതായിരുന്നു തിരുപ്പട്ടദാന ദിനമായ ഡിസംബർ 27 ന് ബസിലിക്ക മുറ്റത്ത് അരങ്ങേറിയ മാന്യതയ്ക്ക് നിരക്കാത്ത പ്രവർത്തനങ്ങൾ. സമാധാനപൂർണ്ണമായി പ്രശ്നങ്ങൾ പരിഹരിക്കപ്പെടട്ടെ എന്ന ആഗ്രഹത്താൽ സംയമനം പാലിക്കുമ്പോഴും സഭാതലവന്റേയും മറ്റ് പിതാക്കന്മാരുടേയും ഫോട്ടോകൾ വികൃതമാക്കി പള്ളിക്ക് മുകളിൽ പ്രദർശിപ്പിക്കുകയും തിരുപ്പട്ടസ്വീകരണത്തിലൂടെ ഈശോയുടെ പൗരോഹിത്യത്തിലേക്ക് ആവേശപൂർവ്വം കടന്നുവന്ന നവവൈദികരെ അവഹേളിക്കുന്ന തരത്തിൽ ബാനറുകൾ പ്രദർശിപ്പിക്കുകയും ചെയ്തത് അപലപനീയവും പരിഷ്കൃതസമൂഹത്തിന് ചേരാത്തതുമാണ്.

അതിരൂപതയിൽ സമാധാനം നിലനിർത്തുന്നതിന്റെ ഭാഗമായി സീറോമലബാർ സിനഡിന്റെ അംഗീകാരത്തോടും പരിശുദ്ധ സിംഹാസനത്തിന്റെ സമ്മതത്തോടും കൂടി നടത്തപ്പെടുന്ന സമവായ ശ്രമങ്ങളെ 'സഭാവിരുദ്ധം' എന്ന് വിശേഷിപ്പിച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവർ യഥാർത്ഥ സഭാസ്നേഹികളല്ല എന്ന് നിസംശയം പറയാം.

മാന്യതയുടെ അതിർവരമ്പുകൾ ലംഘിച്ച് നടക്കുന്ന ഇത്തരം എല്ലാ പ്രവർത്തനങ്ങളേയും എറണാകുളം-അങ്കമാലി അതിരൂപത ശക്തമായി അപലപിക്കുന്നതോടൊപ്പം ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ് എന്ന കാര്യവും ബന്ധപ്പെട്ട എല്ലാവരേയും അറിയിക്കുന്നു.

ഫാ. പോൾ മേലേടത്ത്
P.R.O.

# വിശ്വാസപരിശീലനകേന്ദ്രം

I. **സന്മാർഗ്ഗബോധന പൊതുപരീക്ഷ 2026 ജനുവരി 09:** 2026 ജനുവരി 9-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ Std. V, VII, IX, XI വിദ്യാർത്ഥികൾക്കുള്ള പൊതുപരീക്ഷയും ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ Std. IV, VI, VIII, X, XII വിദ്യാർത്ഥികൾക്കുള്ള പൊതുപരീക്ഷയും നടത്തപ്പെടുന്നതായിരിക്കും. Std. I മുതൽ III വരെയുള്ള ക്ലാസ്സുകളിൽ അതിരൂപതാതലത്തിൽ പൊതു പരീക്ഷ ഉണ്ടായിരിക്കുന്നതല്ല.

നമ്മുടെ എല്ലാ സ്കൂളുകളിലും വാർഷിക പരീക്ഷയ്ക്ക് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറുകളാണ് ഉപയോഗിക്കേണ്ടത്. ഓരോ ക്ലാസ്സിനും നിർദ്ദേശിച്ചിരിക്കുന്ന പാഠപുസ്തകത്തിലെ മുഴുവൻ അദ്ധ്യായങ്ങളും പഠിപ്പിക്കേണ്ടതാണ്. പൊതുപരീക്ഷയിൽ 80%-ന് മുകളിൽ മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ഉത്തരക്കടലാസുകൾ അവരുടെ ലിസ്റ്റ് സഹിതം 2025 ജനുവരി 16-ാം തീയതിക്കു മുമ്പ് ഫൊറോനാ സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്. പ്രസ്തുത പേപ്പറുകൾ അതിരൂപതാതലത്തിൽ പുനഃപരിശോധന നടത്തി 90%-നുമേൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് അതിരൂപതാതലത്തിൽ A+ ഗ്രേഡ് അവാർഡ് നൽകുന്നതായിരിക്കും. 80%-നുമേൽ മാർക്ക് ലഭിക്കുന്നവർക്ക് A ഗ്രേഡ് സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. ചോദ്യപേപ്പറുകൾ 2026 ജനുവരി 8-ാം തീയതി ഫൊറോനാ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

IV, VII, X, XII ക്ലാസ്സുകളിലെ കുട്ടികൾക്കായി സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ 2026 ഫെബ്രുവരി 14 ശനിയാഴ്ച്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ കെ.സി.ബി.സി. നടത്തുന്നതാണ്. വാർഷിക പരീക്ഷയിൽ ഓരോ സ്കൂളിൽ നിന്നും 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കുട്ടികളാണ് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരാവുക. ഇവരുടെ പേരു വിവരം നിശ്ചിത ഫോമിൽ രേഖപ്പെടുത്തി 2026 ജനുവരി 16-നു മുമ്പ് ഫൊറോന സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്.

സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള ചോദ്യങ്ങളായിരിക്കും. IV, VII ക്ലാസുകളിൽ 50 ചോദ്യവും X, XII ക്ലാസുകളിൽ 60 ചോദ്യവും ഉണ്ടായിരിക്കും. 10 മാർക്കിന്റെ ചോദ്യങ്ങൾ പൊതു ചോദ്യങ്ങളായിരിക്കും.

II. **പത്താം ക്ലാസ്സ് & ഡിപ്ളോമ കുട്ടികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷ 2026 ജനുവരി 25 ഞായർ: സമയം – 2.00 pm - 4.00 pm.**

III. **പ്രതിഭാസംഗമം – 2025:**

16 ഫൊറോനകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 30 കാറ്റിക്കിസം ഡിപ്ലോമ രണ്ടാംവർഷ കുട്ടികളുടെ പ്രതിഭാ സംഗമം നവംബർ 29-ാം തീയതി കലൂർ റിന്യുവൽ സെന്ററിൽ നടന്നു. അവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട് 2025 ഡിസംബർ 26, 27, 28 തീയതി കളിൽ മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോമലബാർസഭ പ്രതിഭാസംഗമത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയെ പ്രതിനിധീകരിച്ചവർ:

1. **Dan Sunil Chennickara- St. Martin De Porres Church, Palarivattom**
2. **Sebastian Sojan Kozhukatta Puthussery – St. Joseph Church, Nayathode**
3. **Grace Rose Pathaadan – St Joseph Church, Vellarappily South**
4. **Elsa Joby Puthuva – Our Lady of Fathima Church, Anappara**

IV. **CARLO BEATS RESULT: വിശുദ്ധ കാർലോ അക്കൂത്തിസിന്റെ അനുസ്മരണാർത്ഥം** അതിരൂപതാ വിശ്വാസ പരിശീലന വിഭാഗം നടത്തിയ **Carlo Beats Dance Competition-** ന് സമ്മാനാർഹരായവർ:

I. **St. Mary's Church, Thundathumkadavu**

II. **Little Flower Church, Elamkulam**

III. **St. Peter & Paul Church, Thaikattukara**

മത്സരത്തിൽ പങ്കെടുത്ത ഇടവകകൾക്ക് നന്ദിയും സമ്മാനാർഹ രായവർക്ക് അഭിനന്ദങ്ങളും അറിയിക്കുന്നു.

V. **സോഷ്യൽ ഔട്ട് റീച്ച് & അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാം:** അതത് ക്ലാസ്സ് ടീച്ചേഴ്സ് ഓരോ പ്രോഗ്രാമിന്റെയും റിപ്പോർട്ടും ഓരോ ഇടവകയും ചിലവിടുന്ന തുകയുടെ കണക്കും 2026 ജനുവരി 21-ാം തീയതിയ്ക്കുള്ളിൽ വികാരിയച്ചന്റെ ഒപ്പോടുകൂടി ഫൊറോന സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ നൽകുമല്ലോ. സോഷ്യൽ ഔട്ട് റീച്ച് & അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമിന്റെയും മാർക്കുകൾ ജനുവരി 18-ാം തീയതിയ്ക്കുള്ളിൽ കാറ്റിക്കോർപ്പിൽ രേഖപ്പെടുത്തേണ്ടതാണ്.

VI. **വിശ്വാസപ്രഖ്യാപനദിനം:** പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ വിശ്വാസപ്രഖ്യാപനം 2026 ഫെബ്രുവരി 01-ാം തീയതിയാണ് (*വചനദീപം*, പേജ് 56 ഉം 109 ഉം നോക്കുക).

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

## വിവാഹ ഒരുക്ക ധ്യാനം (MPR)

ജനുവരി 02-04 (കാലടി)
ജനുവരി 05-07 (കലൂർ)
ജനുവരി 13-15 (കാലടി)
ജനുവരി 20-22 (കാലടി)
ജനുവരി 26-28 (കലൂർ)
ഫെബ്രുവരി 03-05 (കാലടി)
ഫെബ്രുവരി 09-11 (കലൂർ)

NB: വിവാഹ ഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

## ദമ്പതി ധ്യാനം (Contact Number 8078334522)

ജനുവരി 09-11 (20 ദമ്പതികൾക്ക് മാത്രം)

## ബേബിഷൈൻ ധ്യാനം (Contact Number 8078334522)

ജനുവരി 16-18 (20 ദമ്പതികൾക്ക് മാത്രം)

## വിധവാ ധ്യാനം (Contact Number 9400929111)

ജനുവരി 23-25

## അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ ഇടവകകൾക്കായി നൽകുന്ന പരിപാടികൾ :

• ഹോം മിഷൻ • ദമ്പതി ധ്യാനം • വിവാഹ വർഷം അനുസരിച്ച് ഗ്രൂപ്പുകളാക്കി ദമ്പതികൾക്ക് ഏകദിന/അർദ്ധദിന സെമിനാർ • സ്നേഹജ്വാല മൂന്ന് സായാഹ്നങ്ങളിൽ (30-40 ദമ്പതികൾക്ക് മാത്രമുള്ള ദാമ്പത്യ പരിശീലനം) • വിധവാ സെമിനാർ ഏകദിന /അർദ്ധദിന സെമിനാർ • യുവജന, കൗമാരം വ്യക്തിത്വ വികസന സെമിനാർ • അമ്മമാർക്ക് സെമിനാർ • പിതാക്കന്മാർക്ക് സെമിനാർ • മുതിർന്ന പൗരൻമാർക്ക് സെമിനാർ • ഏകസ്ഥർക്കുള്ള പരിശീലന പരിപാടികൾ.

വിശദവിവരങ്ങൾ അറിയുവാൻ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക:

**ജീവാലയ ഫാമിലി പാർക്ക് (0484-2462607, 8281544111, 8078334522).**

**Web: www.jeevalaya.org, Email : jeevalayafamilypark@gmail.com**

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## സഹൃദയ വാർഷിക ജനറൽ ബോഡി

സഹൃദയയുടെ 2024-25 വർഷത്തെ വാർഷിക ജനറൽ ബോഡി യോഗം ഡിസംബർ 22-ന് പൊന്നുരുന്നിയിൽ നടത്തി.

## അറിയിപ്പുകൾ

### 1) നബാർഡ് റിന്യുവബിൾ എനർജി സെമിനാർ - ലക്ഷദ്വീപ്

നബാർഡിന്റെ സഹകരണത്തോടെ ലക്ഷദ്വീപിൽ നടപ്പാക്കുന്ന റിന്യുവബിൾ എനർജി പ്രോജക്ടിന്റെ ഭാഗമായി റിന്യുവബിൾ എനർജി സെമിനാർ ജനുവരി 8-ന് ലക്ഷദ്വീപിൽ സംഘടിപ്പിക്കുന്നു.

### 2) ചൈൽഡ് ഡവലപ്മെന്റ് സെന്റർ, ദേശം- ഉദ്ഘാടനം

വൈകല്യങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യതകൾ ബാല്യത്തിൽ തന്നെ കണ്ടെത്തി ആവശ്യമായ ചികിത്സ നൽകുന്നതിനും ഭിന്നശേഷിക്കാർക്ക് തടസ രഹിത പ്രവർത്തനങ്ങൾ സാധ്യമാകുന്നതിനും പരിശീലനങ്ങൾ നേടുന്നതിനും ഉദ്ദേശിച്ച് ആലുവ ദേശം പുറയാറിൽ സഹൃദയ നിർമിച്ച ചൈൽഡ് ഡവലപ്മെന്റ് സെന്ററിന്റെ ഉദ്ഘാടനം ജനുവരി 14-ന് നടത്തപ്പെടുന്നു.

### 3) വിഗ് നിർമാണ പരിശീലനം

കാൻസർ ചികിത്സയുടെ ഭാഗമായുള്ള റേഡിയേഷൻ മൂലം തലമുടി നഷ്ടപ്പെട്ട നിർധന രോഗികൾക്ക് സൗജന്യമായി വിഗ് തയ്യാറാക്കി നൽകുന്നതിനുള്ള ആദ്യ ബാച്ച് പരിശീലനം പൂർത്തിയായി. അടുത്ത ബാച്ച് ജനുവരി 19 മുതൽ 24 വരെ തീയതികളിൽ നടത്തുന്നു. താത്പര്യമുള്ള ഇടവകകളിലും ആവശ്യപ്പെട്ടാൽ പരിശീലനം നൽകുന്നതാണ്.

### 4) വിദ്യാദർശൻ സെമിനാർ - ചേർത്തല

വൈക്കം, ചേർത്തല, പള്ളിപ്പുറം മേഖലകളിലെ പഠനത്തിൽ സമർത്ഥരായ നിർധന വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനം നൽകി ജീവിത വിജയത്തിലേക്ക് നയിക്കുന്നതിനുള്ള വിദ്യാദർശൻ പദ്ധതിയുടെ ഭാഗമായി ജനുവരി 10-ന് ചേർത്തല ഓഫീസിൽ സെമിനാർ സംഘടിപ്പിക്കുന്നു.

## 5) കാൻസർ ഷീൽഡ് പ്രോഗ്രാം – എടക്കുന്ന്

സഹൃദയ നടപ്പാക്കുന്ന കാൻസർ പ്രതിരോധ പദ്ധതിയുടെ ഭാഗമായി വിഗാർഡിന്റെയും രാജഗിരി ആശുപത്രിയുടെയും സഹകരണത്തോടെ മാമോഗ്രാം, അൾട്രാ സൗണ്ട് സ്കാനിംഗ് എന്നിവ ഉൾപ്പെടുത്തിയുള്ള 'കാൻസർ ഷീൽഡ് പ്രോഗ്രാം' എടക്കുന്നിൽ ജനുവരി 28 മുതൽ 30 വരെ സംഘടിപ്പിക്കുന്നു.

-ജനുവരി 20 മുതൽ മേഖലാതലത്തിൽ സഹൃദയ ആനിമേറ്റർമാരുടെ യോഗം

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

---

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

**Study Programs for January 2026**

- Study in Dubai made easy- No age limit, NO IELTS, study gaps accepted.
- Pursue your education in Poland without IELTS and budget-friendly tuition fees.
- Study in Finland with a 2-year post-study work visa.
- New IELTS and NICE (Naipunnya International Communicative English) offline batches commence every Monday this January.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

**January Programs**

- Italian (A1-A2) Offline batch starts January 5th.
- French (A1) Online batch starts January 5th.
- Spanish (A1) Online batch starts January 5th.
- German (A1) Offline batch starts January 19th.
- Admissions are now open for Civil Service Regular, Sunday, Evening and Foundation batches 2025-2026.
- Civil Service Malayalam Optional classes starting soon.
- For Civil Service Outreach Programs please contact the office.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

**January Programs**

- **UGC NET /JRF** PAPER I & PAPER II –Offline Batch for 2026 JUNE exam. (Admissions now open for January batch).
- **BANK** (IBPS, PO, CLERK, SO) –offline (New batch starts every Monday this January).
- **SSC** (CGL, CHSL, MTS) –offline (New batch starts every Monday this January).
- **CUET (**Common University Entrance Test) Online & Offline regular batches (Admissions are now open for January batch).
- **RAILWAY RECRUITMENT BOARD**
  Graduate level (New batch starts every Monday this January).
  Undergraduate level (New batch starts every Monday this January).
- **C MAT, K-MAT** Offline (Admissions are now open for next exam).
- **IELTS, PTE & COMMUNICATIVE ENGLISH** new Offline & Online batches starts every Monday this January.
- **LAW ENTRANCE** CLAT, KLEE, CUSAT –CAT-LLB (Online) Admissions are now open for January batch.

**Fr. Saje Kannaparamban**
**Director**

---

## AWAKE യൂത്ത് മ്യൂസിക്കൽ റിട്രീറ്റ്

### ത്രിദിന ആത്മീയ സംഗീത യാത്ര

ബാച്ച് 1: **2026 ജനുവരി 9,10,11** തീയതികളിൽ അങ്കമാലി പൊങ്ങം നൈപുണ്യ കോളേജിൽ

ബാച്ച് 2: **2026 ഫെബ്രുവരി 6, 7, 8** തീയതികളിൽ ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ (സ്നേഹശുശ്രൂഷാലയം)

**നയിക്കുന്നത്: റവ. ഫാ. ബിനോജ് മുളവരിക്കൽ & ടീം**

വിശദവിവരങ്ങൾക്ക്:

ബാച്ച് 1 - റവ. ഫാ. ആൻസൺ നടുപറമ്പിൽ (7510291471)
ബാച്ച് 2 - റവ. ഫാ. അലക്സ് തേജസ് (9656962434)

ബഹുമാനപ്പെട്ട വൈദികർ ഇടവകകളിൽ അറിയിച്ച് യുവജനങ്ങളെ ഈ ധ്യാനത്തിലേക്ക് പറഞ്ഞയയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

# കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി

## എൽപിഎസ്ടി തസ്തികയിലേക്കുള്ള എഴുത്തു പരീക്ഷ

എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി യുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ ഒഴിവു വരുന്ന ലോവർ പ്രൈമറി അദ്ധ്യാപക തസ്തികകളിലേക്ക് അപേക്ഷിച്ചിട്ടുള്ളവർക്കായുള്ള എഴുത്തു പരീക്ഷ 10/01/2026 ശനിയാഴ്ച രാവിലെ 10.00 മുതൽ 12.00 വരെ കലൂർ സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ നടത്തപ്പെടുന്നു.

## സ്പോർട്സ് മീറ്റ് 2025-2026

എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി യുടെ കീഴിലുള്ള സ്കൂളുകളുടെ സ്പോർട്സ് മീറ്റ് 2026 ജനുവരി 7 ബുധനാഴ്ച ആലുവ സെന്റ് മേരീസ് ഹൈസ്കൂളിൽ നടത്തുന്നതാണ്.

## പ്രഥമാദ്ധ്യാപകരുടെ മീറ്റിംഗ്

എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി യുടെ കീഴിലുള്ള സ്കൂളുകളുടെ പ്രഥമാദ്ധ്യാപകരുടെ സമ്മേളനം 2026 ജനുവരി 15-ന് വ്യാഴാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ നടക്കും.

## സുവർണ്ണ ജൂബിലി

തൃക്കാക്കര കാർഡിനൽ ഹൈസ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം 2026 ജനുവരി 29, വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി നിർവ്വഹിക്കുന്നു.

## സ്കോള 2026

എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി യുടെ കീഴിലുള്ള സ്കൂളുകളുടെ ഇന്റർ സ്കൂൾ ക്വിസ് മത്സരം 'സ്കോള 2025' 2026 ജനുവരി 30-ന് കലൂർ റിന്യൂവൽ സെന്ററിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നു. ഒരു സ്കൂളിൽ നിന്ന് 2 പേരടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം. പ്രധാനാദ്ധ്യാപകർ മത്സരാർത്ഥികളുടെ പേരും ക്ലാസ്സും നിശ്ചിത ഫോർമാറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

# അതിരൂപതാ ഡയറി

**ഡിസംബർ 2025**

4 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ്, ഈ വർഷം പൗരോഹിത്യ സ്വീകരണം നടത്തുന്ന ഡീക്കന്മാരുടെ മാതാപിതാക്കൾക്കായി അരമനയിൽ നടന്ന മീറ്റിങ്ങിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, എടക്കുന്ന് നൈപുണ്യ പബ്ലിക് സ്കൂളിന്റെ വാർഷികാഘോഷത്തിലും, എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിലെ വൈദികരുടെ ക്രിസ്മസ് ആഘോഷത്തിലും പങ്കെടുത്തു.

7 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ്, തൃശൂർ ജെറുസലേം ധ്യാനകേന്ദ്രത്തിൽ നടന്ന കൺവെൻഷന്റെ സമാപന ദിനത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, കൊച്ചി രൂപതയുടെ ഇടയൻ ആന്റണി കാട്ടിപ്പറമ്പിൽ പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു.

8 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ്, രാവിലെ തൃക്കാക്കര മൈനർ സെമിനാരിയിലും, വിജോഭവനിലും ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന പ്രൊവിൻഷ്യൽമാരുടെ (സിസ്റ്റേഴ്സ്) മീറ്റിങ്ങിൽ പങ്കെടുത്തു.

10 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ്, മൂഴിക്കുളത്ത് ബഹുമാനപ്പെട്ട പോൾ കട്ടയ്ക്കകത്തൂട്ട് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

17 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ്, പൊതി സാന്തോം പ്രീസ്റ്റ് ഹോമിലെ വൈദികരുടെ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു.

18 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ്, അരമനയിൽ നടന്ന വൈദികസമിതി യോഗത്തിൽ സംബന്ധിച്ചു.

21 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ്, എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ് ഹോം, പൊതി സാന്തോം പ്രീസ്റ്റ്സ് ഹോം, തൃക്കാക്കര വിജോഭവൻ എന്നീ വൈദികമന്ദിരങ്ങൾ സന്ദർശിച്ച് വൈദികർക്ക് ക്രിസ്മസ് ആശംസകൾ നേർന്നു.

27 അതിരൂപതയ്ക്കുവേണ്ടിയുള്ള 13 ഡീക്കന്മാരുടെ പൗരോഹിത്യ സ്വീകരണം എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ നടന്നു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവും, മാർ ജോസഫ് പാംപ്ലാനി പിതാവും, മാർ എഫ്രേം നരികുളം പിതാവും കർമ്മങ്ങൾക്കു നേതൃത്വം നൽകി.

* * * * *

## ദനഹാ തിരുനാൾ: Epiphany

ക്രൈസ്തവ സഭയിലെ ഏറ്റവും പുരാതനമായ തിരുനാളുകളിൽ ഒന്നാണ് ദനഹാ തിരുനാൾ (Epiphany).

ക്രൈസ്തവ സഭയിലെ ഏറ്റവും വലിയ ആഘോഷങ്ങളിൽ ഒന്നാണ് ജനുവരി 6-ന് ആഘോഷിക്കുന്ന ദനഹാ തിരുനാൾ. 'ദനഹാ' എന്ന വാക്കിന് 'ഉദയം' അല്ലെങ്കിൽ 'വെളിവാകൽ' എന്നാണ് അർത്ഥം. യേശുക്രിസ്തു ലോകത്തിന് മുൻപിൽ ദൈവപുത്രനായി വെളിപ്പെടുത്തപ്പെട്ടതിന്റെ ഓർമ്മ പുതുക്കലാണിത്.

'എപ്പിഫനി' (Epiphany) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ഈ വാക്കുണ്ടായത്. ഇതിന്റെ അർത്ഥം 'പ്രത്യക്ഷപ്പെടൽ' എന്നാണ്. സുറിയാനി ഭാഷയിൽ ഇതിനെ 'ദനഹാ' എന്ന് വിളിക്കുന്നു. പൗരസ്ത്യ സഭകളിൽ (Eastern Churches) ഇതിന് വളരെ വലിയ പ്രാധാന്യമാണുള്ളത്.

ദനഹാ തിരുനാൾ പ്രധാനമായും മൂന്ന് വലിയ സംഭവങ്ങളെ കോർത്തിണക്കുന്നു:

**യേശുവിന്റെ ജ്ഞാനസ്നാനം:** യോഹന്നാൻ സ്നാപകനിൽ നിന്ന് യേശു യോർദാൻ നദിയിൽ വച്ച് മാമോദീസ സ്വീകരിച്ചത്. ഇതാണ് ദനഹയുടെ കാതൽ.

**മൂന്ന് രാജാക്കന്മാരുടെ സന്ദർശനം:** കിഴക്കുനിന്നും നക്ഷത്രത്തെ കണ്ട് യേശുവിനെ വണങ്ങാൻ എത്തിയ ജ്ഞാനികളുടെ സന്ദർശനം.

**കാനായിലെ അത്ഭുതം:** യേശു തന്റെ ആദ്യ അത്ഭുതം പ്രവർത്തിച്ച് തന്റെ ദൈവത്വം വെളിപ്പെടുത്തിയത്.

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ ദനഹാ തിരുനാൾ 'രാക്കുളി' എന്ന പേരിലും അറിയപ്പെട്ടിരുന്നു. യേശുവിന്റെ മാമോദീസയുടെ ഓർമ്മയ്ക്കായി തലേദിവസം രാത്രി പുഴയിലോ കുളത്തിലോ ഇറങ്ങി കുളിക്കുന്ന ആചാരം പണ്ട് നിലനിന്നിരുന്നു. വീടുകളിൽ 'പിണ്ടി' (വാഴപ്പിണ്ടി) കുത്തി അതിൽ വിളക്കുകൾ തെളിക്കുന്ന 'പിണ്ടിപ്പെരുന്നാൾ' എന്ന രീതിയും കേരളത്തിലെ കത്തോലിക്കാ-ഓർത്തഡോക്സ് സഭകളിൽ ഇന്നും സജീവമാണ്.

'ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന സ്വർഗ്ഗീയ നാദം മുഴങ്ങിയ നിമിഷത്തെയാണ് ഓരോ ദനഹാ തിരുനാളും വിശ്വാസികളെ ഓർമ്മിപ്പിക്കുന്നത്.









2025 ഡിസംബർ 15 ന് വത്തിക്കാനിൽ
പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ
പാപ്പയുമായുള്ള കൂടിക്കാഴ്ച

RNI No. 3421/57
Date of Publication: 01-01-2026

Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM

## നവവൈദികർക്ക് ആശംസകൾ


Fr. Manu Akkanath
Nedungad


Fr. Jibin Kadalikkattu
Thalayolaparambu


Fr. John Kanjirathingal
Kanjoor


Fr. Will Mathew Kureeckal
Chunangamvely


Fr. Win Thomas Kureeckal
Chunangamvely


Fr. Jackson Madassery
Mookkannoor


Fr. Jofin Madassery
Thabore


Fr. Allen Mazhuvanchery
Thuruthippuram


Fr. Ashbin Meledath
Koratty


Fr. Amal Olattu
Edappally


Fr. Antony Pallipattu
Angamaly


Fr. Ajay Panikulangara
Puthenpally


Fr.Dennis Puthuva
Kuttipuzha

Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org